# നിബന്ധനകളും വ്യവസ്ഥകളും

ചില തിരഞ്ഞെടുത്ത ബാങ്കിംഗ് സേവനങ്ങൾക്ക് യോഗ്യതയുള്ള, ആക്സിസ് ബാങ്ക് ലിമിറ്റഡ് ("**ബാങ്ക്**") നൽകുന്ന സേവനങ്ങൾ (ഇനിമേൽ നിർവചിക്കുന്നത്) പ്രയോജനപ്പെടുത്തുന്ന, WhatsApp ന്റെ ഉപയോക്താക്കൾക്ക് (ഇനിമേൽ നിർവചിക്കുന്നത്) ഈ നിബന്ധനകളും വ്യവസ്ഥകളും ബാധകമാണ്, ബാങ്ക് ("**നിബന്ധനകളും വ്യവസ്ഥകളും**") അതാത് കാലത്ത് വരുത്തുന്ന ഭേദഗതികൾ/മാറ്റങ്ങൾ/പരിഷ്കരണങ്ങൾ എന്നിവ അതിൽ ഉൾപ്പെടുത്തിയതായി കണക്കാക്കും.

### 1. നിർവചനങ്ങളും വ്യാഖ്യാനങ്ങളും

"**അക്കൗണ്ട്**" എന്നാൽ സേവിംഗ്സ് /അല്ലെങ്കിൽ കറന്റ് അക്കൗണ്ട് /അല്ലെങ്കിൽ ഫിക്സഡ് ഡിപ്പോസിറ്റ് /അല്ലെങ്കിൽ ലോൺ അക്കൗണ്ട് /അല്ലെങ്കിൽ കാർഡുകൾ അല്ലെങ്കിൽ ഉപഭോക്താവ് ബാങ്കിൽ നിലനിർത്തുന്ന മറ്റേതെങ്കിലും തരത്തിലുള്ള അക്കൗണ്ടിനെ സൂചിപ്പിക്കുന്നു.

"**അക്കൗണ്ടുമായി ബന്ധപ്പെട്ട സേവനങ്ങൾ**" എന്നാൽ ബാങ്കിന്റെ ഉപഭോക്താവിന്റെ അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങളായ ബാലൻസ് അന്വേഷണം, സ്റ്റേറ്റ്മെന്റ് അഭ്യർത്ഥന മുതലായവയാണ് അർത്ഥമാക്കുന്നത്, അത് ബാങ്ക് യഥാസമയം അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ ലഭ്യമാക്കും-

"**ബാങ്ക് രജിസ്റ്റേർഡ് നമ്പർ**" ഇവിടെയുള്ള സേവനങ്ങൾ നൽകുന്നതിനായി WhatsApp ൽ രജിസ്റ്റേർഡ് ആയ ബാങ്കിന്റെ അംഗീകൃത നമ്പറാണ്. -

**"ഉപഭോക്താവ്"** എന്നാൽ ബാങ്കിൽ അക്കൗണ്ട് ഉള്ള ഒരു വ്യക്തി എന്നാണ് അർത്ഥം.

"ഉപഭോക്താവിന്റെ **രജിസ്റ്റേർഡ് മൊബൈൽ നമ്പർ**" ബാങ്കിൽ ഉപഭോക്താവ് രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറാണ്. -

**"ഡിവൈസ്**" എന്നാൽ ഉപയോക്താവിന് WhatsApp ആക്സസ് ചെയ്യാനും സേവനങ്ങൾ ഉപയോഗിക്കാനും കഴിയുന്ന കമ്പ്യൂട്ടർ, ലാപ്ടോപ്പ്, മൊബൈൽ ഫോൺ, ടാബ്ലെറ്റ് അല്ലെങ്കിൽ അതുപോലുള്ള ഡിവൈസ് എന്നാണ് അർത്ഥം.

"**വൺ വേ കമ്മ്യൂണിക്കേഷൻ**" എന്നാൽ WhatsApp ൽ ഉപയോക്താവിന് ബാങ്ക് നൽകുന്ന സേവനം എന്നാണ് അർത്ഥം, അതിൽ ഉപഭോക്താവിന്റെ അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ, അലർട്ടുകൾ, അപ്ഡേറ്റുകൾ, ട്രാൻസാക്ഷൻ അലർട്ടുകൾ, ബാങ്ക് അതിന്റെ വിവേചനാധികാരത്തിൽ അതാത് കാലത്ത് പ്രാപ്യമാക്കുന്ന മറ്റ് ആശയവിനിമയങ്ങൾ എന്നിവ ഉപയോക്താവിന് രജിസ്റ്റേർഡ് നമ്പർ വഴി വൺ-വേ മെസ്സേജുകൾ അയക്കും.

**"സ്വകാര്യതാ നയം"** എന്നതിന് ഇവിടെ ക്ലോസ് 12 ൽ പറയുന്ന അർത്ഥമാണ് ഉണ്ടായിരിക്കുക;

"**സേവനങ്ങൾ**" എന്നാൽ ബാങ്ക് സ്വയം അല്ലെങ്കിൽ അതിന്റെ സേവന ദാതാക്കൾ വഴി, WhatsApp ലെ ഉപയോക്താവിന് നൽകുന്ന വൺ വേ കമ്മ്യൂണിക്കേഷൻ, ടു വേ കമ്മ്യൂണിക്കേഷൻ സേവനങ്ങൾ എന്നാണ് അർത്ഥം.

"**ടു വേ കമ്മ്യൂണിക്കേഷൻ**" എന്നാൽ WhatsApp ൽ ഉപയോക്താക്കൾക്ക് ബാങ്ക് നൽകുന്ന സേവനം എന്നാണ് അർത്ഥം, ഇതിൽ ഉപയോക്താവിന് അഭ്യർത്ഥനകൾ നടത്തുക, വിവരങ്ങൾ തേടുക, ചോദ്യങ്ങൾ ചോദിക്കുക തുടങ്ങിയ രൂപത്തിൽ ബാങ്ക് രജിസ്റ്റർ ചെയ്ത നമ്പറിലേക്ക് സന്ദേശങ്ങൾ അയച്ചുകൊണ്ട് ബാങ്കുമായി ആശയവിനിമയം നടത്താൻ കഴിയും, കൂടാതെ അത്തരം സന്ദേശങ്ങൾക്ക് ബാങ്ക് മറുപടി നൽകുകയും ചെയ്യും.

എന്നാൽ, ഈ സേവനവും ബാങ്കിന്റെ പ്രതികരണങ്ങളും സ്വന്തം വിവേചനാധികാരത്തിൽ ബാങ്ക് യഥാകാലം നിർണ്ണയിക്കുന്ന അന്വേഷണങ്ങൾ, വിവരങ്ങൾ, അഭ്യർത്ഥനകൾ മുതലായവയിൽ പരിമിതമായിരിക്കും.

"**ഉപയോക്താവ്**" എന്നാൽ ബാങ്കിൽ രജിസ്റ്റർ ചെയ്ത നമ്പർ ഉപയോഗിച്ച്/ ബാങ്ക് WhatsApp ലൂടെ നൽകുന്ന സേവനങ്ങൾ ഉപയോഗിച്ച് WhatsApp ലൂടെ ബാങ്കുമായി സമ്പർക്കം പുലർത്തുന്ന ഉപഭോക്താവ് അല്ലെങ്കിൽ മറ്റൊരു വ്യക്തി എന്നാണ് അർത്ഥം.

"**ഉപയോക്തൃ വിവരങ്ങൾ**" എന്നാൽ ഇവിടെ പറഞ്ഞിട്ടുള്ള സേവനങ്ങൾ ഉപയോക്താവ് പ്രയോജനപ്പെടുത്തുന്ന കാലയളവിൽ ഉപയോക്താവ് നൽകിയതോ, ഉപയോക്താവിന് ബാങ്ക് നൽകിയതോ, ഉപയോക്താവിൽ നിന്നോ, WhatsApp ൽ നിന്നോ ശേഖരിച്ചതോ വാങ്ങിയതോ ആയ, ഉപയോക്താവിന്റെ അക്കൗണ്ട് ബാലൻസുമായി ബന്ധപ്പെട്ട വിവരങ്ങൾ പോലെ, ഉപയോക്താവുമായി ബന്ധപ്പെട്ട സുപ്രധാന വ്യക്തിഗത ഡാറ്റ ഉൾപ്പെടെയുള്ള വ്യക്തിഗത ഡാറ്റ അഥവാ വിവരങ്ങൾ അഥവാ അതുപോലുള്ള മറ്റ് ഡാറ്റ അല്ലെങ്കിൽ വിവരങ്ങളാണ്.

"**WhatsApp**" WhatsApp Inc, 1601 വില്ലോ റോഡ്, മെൻലോ പാർക്ക്, കാലിഫോർണിയ 94025 നൽകുന്ന ആപ്ലിക്കേഷനാണ്.

പുരുഷലിംഗത്തെക്കുറിച്ചുള്ള പരാമർശത്തിൽ സ്ത്രീലിംഗത്തെയും നപുംസകലിംഗത്തെയും തിരിച്ചും പരാമർശിക്കുന്നു.

## 2. സേവനങ്ങൾ ഉപയോഗിക്കുന്നതിനുള്ള യോഗ്യത

താഴെ നൽകിയിരിക്കുന്നതുപോലെ യോഗ്യത നിറവേറ്റിയാൽ മാത്രമാണ് തനിക്ക് സേവനങ്ങൾ ഉപയോഗിക്കാൻ കഴിയുക എന്ന് ഉപയോക്താവ് ഇതിനാൽ സമ്മതിക്കുകയും ഏൽക്കുകയും ചെയ്യുന്നു:

(i) ഉപയോക്താവ് ഒരു വ്യക്തിയാണ്;

(ii) ഉപയോക്താവ് പ്രായപൂർത്തിയായ ഒരാളാണ്; കൂടാതെ

(iii) ഉപയോക്താവ് മനസ്സുറപ്പും, യോജിച്ചുപോകാവുന്നതും കോൺട്രാക്ടിന് കഴിവും ഉള്ളയാളാണ്;

## 3. സർവ്വീസുകൾ

ബാങ്ക് അതിന്റെ വിവേചനാധികാരത്തിൽ അതാത് കാലത്ത് അനുവദിക്കുന്ന സേവനങ്ങൾ മാത്രം നൽകാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണെന്ന് ഉപയോക്താവ് അംഗീകരിക്കുന്നു. ബാങ്ക് അതിന്റെ വിവേചനാധികാരത്തിൽ ഏതെങ്കിലും പ്രത്യേക സേവനത്തിന്റെ ലഭ്യത/ലഭ്യതയില്ലായ്മ നിർദേശിക്കാം. ഉപയോക്താവിന് നോട്ടീസ് നൽകാതെ, ഏത് സമയത്തും, ഉപയോക്താവിന് വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ ബാങ്ക് പരിഷ്ക്കരിക്കുകയോ, നിർത്തി വയ്ക്കുകയോ അല്ലെങ്കിൽ കൂട്ടിച്ചേർക്കൽ/ഒഴിവാക്കൽ നടത്തുകയോ ചെയ്യാമെന്ന് ഉപയോക്താവ് ഇതിനാൽ സമ്മതിക്കുന്നു. ഉപയോക്താവിന്റെ അന്വേഷണങ്ങളോട്/തേടുന്ന വിവരങ്ങൾക്ക് പ്രതികരണം നൽകാതിരുന്നാൽ, ഉപയോക്താവിന് തൃപ്തികരമായ പ്രതികരണം നൽകാതിരുന്നാൽ അല്ലെങ്കിൽ ഉപയോക്താവിന്റെ ഏതെങ്കിലും അഭ്യർത്ഥന പ്രോസസ്സ് ചെയ്യാതിരുന്നാൽ, ഒരു മെസ്സേജ് ഉപയോക്താവ് അയച്ചാൽ, ബാങ്കിന് അതിന്റെ സിസ്റ്റത്തിൽ അത്തരമൊരു നിർദേശം ലഭിക്കാതിരുന്നാൽ, അല്ലെങ്കിൽ ഉപയോക്താവ് അയച്ച

മെസ്സേജ് ബാങ്ക് ആവശ്യപ്പെടുന്ന ഫോർമാറ്റിൽ അല്ലെങ്കിൽ, ആ സമയത്ത് ബാങ്ക് നൽകുന്ന സേവനങ്ങൾക്ക് കീഴിൽ വരുന്നതല്ലെങ്കിൽ, സാങ്കേതിക കാരണത്താലോ, അല്ലാതെയോ, മറ്റെന്തിങ്കിലും കാരണത്താലോ ബാങ്കിന് ആ മെസ്സേജ് കിട്ടാതിരുന്നാൽ ബാങ്കിനെ ഉത്തരവാദി ആക്കില്ലെന്ന് ഉപയോക്താവ് സമ്മതിക്കുന്നു. ഈ പ്ലാറ്റ്ഫോമിലൂടെ ഏതെങ്കിലും തട്ടിപ്പോ ആൾമാറാട്ടമോ ഉണ്ടായാൽ അതിന് ബാങ്ക് ബാധ്യസ്ഥമല്ല. മാത്രമല്ല, ഒരു ട്രാൻസാക്ഷന്റെ രൂപത്തിൽ ബാങ്ക് ഏതെങ്കിലും സേവനം അനുവദിക്കുകയാണെങ്കിൽ, അത്തരം സേവനം നിയമപരമായ/റെഗുലേറ്ററി പരിധികൾക്കും/അല്ലെങ്കിൽ ബാങ്ക് കാലാകാലങ്ങളിൽ വരുത്താവുന്ന ഏതെങ്കിലും പരിധികൾക്കും വിധേയമായിരിക്കുമെന്ന് ഉപയോക്താവ് സമ്മതിക്കുന്നു.

**4. രജിസ്ട്രേഷനും വെരിഫിക്കേഷനും**

a. വൺ വേ കമ്മ്യൂണിക്കേഷൻ സർവ്വീസ് പ്രയോജനപ്പെടുത്തുന്നതിന്, ഇവിടെ പ്രതിപാദിച്ച സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ഉപയോക്താവിന് ബാധകമായ ബാങ്കിന്റെ സ്വകാര്യതാ നയം ഉപയോക്താവ് അംഗീകരിച്ചതായി കണക്കാക്കണം.

b. ടു വേ കമ്മ്യൂണിക്കേഷൻ സർവ്വീസ് പ്രയോജനപ്പെടുത്തുന്നതിന്, (a) ഇവിടെ പ്രതിപാദിച്ച സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ഉപയോക്താവിന് ബാധകമായ നിബന്ധനകളും വ്യവസ്ഥകളും ഉപയോക്താവ് അംഗീകരിച്ചതായി കണക്കാക്കും; ഒപ്പം (b) ഇവിടെ പരാമർശിച്ചിരിക്കുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ഉപയോക്താവിന് ബാങ്കിന്റെ സ്വകാര്യതാ നയം ബാധകമാണ്.

എന്നാൽ, സ്വന്തം വിവേചനാധികാരത്തിൽ, വൺ വേ കമ്മ്യൂണിക്കേഷൻ/അല്ലെങ്കിൽ ടു-വേ കമ്മ്യൂണിക്കേഷനായി, ഉപയോക്താവിന്റെ ഒതന്റിക്കേഷൻ, രജിസ്ട്രേഷൻ/അല്ലെങ്കിൽ വെരിഫിക്കേഷൻ എന്നിവക്കുള്ള പ്രോസസ് ഏത് സമയത്തും പരിഷ്ക്കരിക്കാം. എന്നാൽ, സേവനങ്ങൾക്കുള്ള ഏതെങ്കിലും അഭ്യർത്ഥന WhatsApp ലൂടെ ബാങ്കിൽ രജിസ്റ്റർ ചെയ്ത നമ്പറിലേക്ക് വന്നാൽ, ഉപഭോക്താവിന്റെ കാര്യത്തിൽ, അഭ്യർത്ഥിച്ചയാളുടെ മൊബൈലിൽ കാണുന്ന നമ്പർ ഉപഭോക്താവിന്റെ രജിസ്റ്റേർഡ് നമ്പറാണെങ്കിൽ, WhatsApp വഴി ബന്ധപ്പെടുന്നത് ഉപഭോക്താവാണെന്ന് കരുതാൻ ബാങ്കിന് അവകാശമുണ്ട്, അത് മറ്റേതെങ്കിലും ഉപയോക്താവ് ആണെങ്കിൽ, WhatsApp പ്രൊഫൈലിൽ കാണുന്ന നമ്പർ ഉപയോക്താവിന്റെ നമ്പർ ആണെന്നും, അത് ഉപയോക്താവ് തന്നെയാണെന്നും, ബാങ്കിന്റെ രജിസ്റ്റേർഡ് നമ്പറിൽ ബന്ധപ്പെടുന്നത് മറ്റൊരാൾ അല്ലെന്നും കരുതാൻ ബാങ്കിന് അവകാശം ഉണ്ടായിരിക്കും.

## 5. ടി&സിയുടെ ബാധകത്വവും, ബാങ്കിന്റെ അധികാരവും

ബാങ്ക് അല്ലെങ്കിൽ ഉപയോക്താവ് ആരംഭിച്ച WhatsApp ൽ നടക്കുന്ന എല്ലാ സേവനങ്ങളും ആശയവിനിമയങ്ങളും (വൺ വേ കമ്യൂണിക്കേഷനും ടൂ വേ കമ്യൂണിക്കേഷനും) ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിയന്ത്രിക്കപ്പെടുമെന്ന് ഉപയോക്താവ് ഇതിനാൽ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഉപയോക്താവ് ബാങ്കിൽ രജിസ്റ്റർ ചെയ്ത നമ്പറിൽ WhatsApp ൽ അഭ്യർത്ഥിച്ച സേവനങ്ങൾ നൽകുന്നതിന് ഉപയോക്താവ് ബാങ്കിന് പ്രകടമായ അധികാരം നൽകുന്നുവെന്ന് ഉപയോക്താവ് ഇതിനാൽ സമ്മതിക്കുന്നു. വൺ വേ കമ്യൂണിക്കേഷൻ സേവനത്തിന് രജിസ്ട്രേഷൻ ചെയ്തു കഴിഞ്ഞാൽ, അല്ലെങ്കിൽ WhatsApp ഉപയോക്താവിൽ നിന്ന് ബാങ്കിൽ രജിസ്റ്റർ ചെയ്ത നമ്പറിൽ WhatsApp ലൂടെ അഭ്യർത്ഥന/ ആശയവിനിമയം ലഭിച്ചു കഴിഞ്ഞാൽ ഉപയോക്താവിനെ ഒതന്റിക്കേറ്റ് ചെയ്യാനോ, ഉപയോക്താവിന്റെ ഐഡന്റിറ്റി വെരിഫൈ ചെയ്യാനോ ബാങ്കിന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല. കമ്പ്യൂട്ടർ സിസ്റ്റത്തിലൂടെയോ അല്ലാതെയോ സൂക്ഷിച്ചിരിക്കുന്ന ബാങ്കിന്റെ സ്വന്തം റിക്കാർഡ് അല്ലെങ്കിൽ ട്രാൻസാക്ഷനുകളുടെ ലോഗ് എല്ലാ ഉദ്ദേശ്യങ്ങൾക്കും സമ്പൂർണവും ബാധ്യസ്ഥവുമായി സ്വീകരിക്കുന്നതാണ്.

## 6. ഉത്തരവാദിത്തങ്ങളും റോളും

ഉപയോക്താവ് നിരുപാധികവും അസന്നിഗ്ധവുമായി ഇപ്പറയുന്നതിന് സമ്മതിക്കുന്നു:

a. വൺ വേ കമ്മ്യൂണിക്കേഷനും ടു വേ കമ്മ്യൂണിക്കേഷനും എല്ലായ്പ്പോഴും ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിയന്ത്രിക്കപ്പെടും.

b. അയാൾക്ക് നൽകുന്ന എല്ലാ സേവനങ്ങളും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ/അല്ലെങ്കിൽ ഏതെങ്കിലും റെഗുലേറ്ററി/സ്റ്റാറ്റ്യൂട്ടറി/സർക്കാർ അതോറിറ്റി ഏർപ്പെടുത്തിയതോ ഭേദഗതി ചെയ്തതോ ആയ ബാധകമായ നിയമം, ചട്ടങ്ങൾ, റഗുലേഷൻ, വിജ്ഞാപനം, സർക്കുലറുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായിരിക്കും.

c. സേവനങ്ങളുടെ /അല്ലെങ്കിൽ ബാങ്കിന്റെ മറ്റേതെങ്കിലും ബാധ്യതകളുടെ നിർവ്വഹണത്തിന് ബാങ്ക് ആവശ്യപ്പെടുന്ന വിവരങ്ങളും/അല്ലെങ്കിൽ സഹായവും ഉപയോക്താവ് ബാങ്കിന് നൽകേണ്ടതാണ്. മാത്രമല്ല, സേവനങ്ങളുമായി ബന്ധപ്പെട്ട എല്ലാ നിർദ്ദേശങ്ങളും രൂപത്തിലും ഉള്ളടക്കത്തിലും ബാങ്കിന് തൃപ്തികരമായി നൽകണം.

d. റിലേഷൻ കാർഡ്, ലോൺ മുതലായവ (ബാങ്കിന്റെ പൂർണ്ണ വിവേചനാധികാരത്തിൽ) ഉൾപ്പെടെ അക്കൗണ്ടുമായി ബന്ധപ്പെട്ട സേവനങ്ങൾ ഉപഭോക്താവിന്റെ രജിസ്റ്റേർഡ് നമ്പറുമായി ബന്ധപ്പെടുത്തിയ WhatsApp അക്കൗണ്ടിലേക്ക് മാത്രം WhatsApp പ്ലാറ്റ്ഫോമിലൂടെ ഉപഭോക്താക്കൾക്ക് നൽകണം.

e. സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും /അല്ലെങ്കിൽ സേവനങ്ങളുടെ രജിസ്ട്രേഷനും ആവശ്യമായ ഡിവൈസുകളിലെ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളുടെ ഏറ്റവും പുതിയ വെർഷനുകൾ ബാങ്ക് നിർദ്ദേശിച്ചേക്കാം. ഓപ്പറേറ്റിംഗ്

സിസ്റ്റങ്ങളുടെ എല്ലാ വെർഷനുകളും പിന്തുണയ്ക്കുന്നതിന് ബാങ്കിന് ബാധ്യതയില്ല. ബാങ്കിന്റേതുമായി പ്രവർത്തനക്ഷമമായ സോഫ്റ്റ്വെയർ, ഹാർഡ്‌വെയർ, ഓപ്പറേറ്റിംഗ് സിസ്റ്റം എന്നിവ സ്വന്തം ചെലവിൽ അപ്ഗ്രേഡ് ചെയ്യുന്നതിന് ഉപയോക്താവ് ഉത്തരവാദി ആയിരിക്കുമെന്ന് ഉപയോക്താവ് സമ്മതിക്കുന്നു. ബാങ്കിന് അതിന്റെ സോഫ്റ്റ്വെയർ, ഹാർഡ്‌വെയർ, ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾ മുതലായവ യഥാകാലം മാറ്റാനോ വ്യത്യാസപ്പെടുത്താനോ അപ്ഗ്രേഡ് ചെയ്യാനോ സ്വാതന്ത്ര്യം ഉണ്ടായിരിക്കും, ഉപയോക്താവ് ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ, ഹാർഡ്‌വെയർ, ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾ എന്നിവയെ പിന്തുണയ്ക്കുന്നതിന് ബാധ്യത ഉണ്ടായിരിക്കില്ല, സേവനങ്ങളുടെ ഉപയോഗം തുടരാൻ കഴിയുക എന്നത് ഉപയോക്താവിന്റെ മാത്രം ഉത്തരവാദിത്തമാണ്.

f. ഇവിടെ നൽകിയിരിക്കുന്ന സേവനങ്ങളുടെ ഏതെങ്കിലും മെറ്റീരിയലുകൾ അല്ലെങ്കിൽ ഡിസൈൻ ഘടകങ്ങൾ വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോക്താവ് പുനർനിർമ്മിക്കാനോ പകർത്താനോ പുനർവിതരണം ചെയ്യാനോ പാടില്ല.

g. ഈ സേവനത്തിലൂടെ ഉപയോക്താവ് ഇപ്പറയുന്ന ഉള്ളടക്കം സമർപ്പിക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ല:

1. അശ്ലീലം, അസഭ്യം, അല്ലെങ്കിൽ പോണോഗ്രാഫിക്, അധാർമ്മികം, നിയമവിരുദ്ധം, വ്യാജം, സദാചാരവിരുദ്ധം, സാമൂഹ്യ വിരുദ്ധം മുതലായവ.
2. കുറ്റകൃത്യം ചെയ്യുന്നതിന് അല്ലെങ്കിൽ ഏതെങ്കിലും നിയമത്തിന്റെ ലംഘനം പ്രോത്സാഹിപ്പിക്കുന്നത്.
3. ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാന, അല്ലെങ്കിൽ ഫെഡറൽ നിയമം /അല്ലെങ്കിൽ നിങ്ങൾ താമസിക്കുന്നിടത്തെ നിയമാധികാരപരിധി ലംഘിക്കുന്നത്.
4. ഒരു തേർഡ് പാർട്ടിയുടെ ബൗദ്ധിക അല്ലെങ്കിൽ പകർപ്പവകാശങ്ങൾ ലംഘിക്കുന്നു; അല്ലെങ്കിൽ
5. ഉപയോക്താവിന്റെയോ മറ്റേതെങ്കിലും വ്യക്തിയുടെയോ രഹസ്യ വിവരങ്ങൾ /അല്ലെങ്കിൽ വ്യക്തിഗത അല്ലെങ്കിൽ സെൻസിറ്റീവ് വിവരങ്ങൾ/ഡാറ്റ എന്നിവ അടങ്ങുന്നു.

h. ബാങ്കിന്റെ ആഭ്യന്തര നിയമങ്ങൾ ലംഘിക്കുന്ന അല്ലെങ്കിൽ അനുചിതവും ധാർമ്മികവുമായ വിവേചനാധികാരത്തിന് എതിരായ ഉപയോക്താവ് നടത്തിയ ഉള്ളടക്കം അഥവാ സബ്മിഷൻ, അതുമായി ബന്ധപ്പെട്ട ബാധ്യത ഏറ്റെടുക്കാതെ അല്ലെങ്കിൽ ഉപയോക്താവിന് മുൻകൂർ അറിയിപ്പ് നൽകാതെ നീക്കം ചെയ്യാനോ അല്ലെങ്കിൽ ഡിലീറ്റ് ചെയ്യാനോ ബാങ്കിന് അവകാശമുണ്ട്.

i. WhatsApp ൽ ബാങ്ക് അയച്ച പ്രതികരണങ്ങൾ ബാക്ക്-എൻഡിൽ പ്രവർത്തിക്കുന്ന ഒരു പ്രോഗ്രാമിനെ അടിസ്ഥാനമാക്കിയുള്ളതാണ്. ഏറ്റവും മികച്ച രീതിയിൽ ചോദ്യങ്ങൾ കൈകാര്യം ചെയ്യാൻ ഈ പ്രോഗ്രാം വികസിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഉപയോക്താവിന് തൃപ്തികരമല്ലാത്ത ഉത്തരങ്ങൾക്ക് അല്ലെങ്കിൽ അതിൽ നിന്ന് ഉണ്ടാകുന്ന തെറ്റുകൾക്ക്, ബാങ്ക് ഉത്തരവാദി ആയിരിക്കില്ല.

j. ബാങ്കിന്റെ വൺ വേ കമ്മ്യൂണിക്കേഷൻ സർവ്വീസ് സബ്സ്ക്രൈബ് ചെയ്യുന്നതിലൂടെ, പോർട്ട്ഫോളിയോ ഹോൾഡിംഗ്, ട്രാൻസാക്ഷൻ

വിശദാംശങ്ങൾ, മൂല്യവർദ്ധിത സബ്സ്ക്രിപ്ഷനുകൾ, അലർട്ടുകൾ, നോട്ടിഫിക്കേഷൻ സർവ്വീസുകൾ മുതലായവ ഉൾപ്പെടെ WhatsApp വഴി അതിന്റെ പേഴ്സണൽ നോട്ടിഫിക്കേഷനുകൾ/അലർട്ടുകൾ/അക്നോളജ്മെന്റുകൾ ലഭിക്കാൻ ഉപയോക്താവ് സമ്മതിക്കുന്നു. ബാങ്കിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ WhatsApp വഴി അക്കൗണ്ട്, ട്രാൻസാക്ഷൻ അലർട്ട് നോട്ടിഫിക്കേഷനുകൾ, റെഗുലേറ്ററി അപ്ഡേറ്റുകൾ, വ്യക്തിഗതമാക്കിയ ഓഫറുകൾ, പുതിയ ഉൽപ്പന്ന ഫീച്ചറുകൾ മുതലായവ ഉൾപ്പെടെയുള്ള നോട്ടിഫിക്കേഷനുകൾ സ്വീകരിക്കാൻ ഉപയോക്താവ് സമ്മതിക്കുന്നു. മാത്രമല്ല, WhatsApp ൽ വൺ വേ കമ്മ്യൂണിക്കേഷൻ സർവ്വീസിലേക്ക് രജിസ്റ്റർ ചെയ്യുന്നതിലൂടെ, ബാങ്കിന്റെ സ്വന്തം വിവേചനാധികാരത്തിൽ ഫൈനാൻഷ്യൽ അല്ലെങ്കിൽ നോൺ-ഫൈനാൻഷ്യൽ ട്രാൻസാക്ഷനുകൾക്കായി WhatsApp, കൂടാതെ/അല്ലെങ്കിൽ എസ്എംഎസ്, കൂടാതെ/അല്ലെങ്കിൽ ഇമെയിൽ എന്നിവയിലൂടെ മുകളിൽ പറഞ്ഞ അലർട്ടുകൾ യൂസറിന് അയക്കാൻ യൂസർ ബാങ്കിനെ അധികാരപ്പെടുത്തുന്നു, കൂടാതെ ബാങ്ക് ഈ അലർട്ടുകൾ എസ്എംഎസ് അല്ലെങ്കിൽ മറ്റേതെങ്കിലും ചാനലിൽ അയക്കുന്നത് അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ നിർത്താനും കഴിയും.

k. WhatsApp ഉപയോഗിക്കുന്നതിന് അധിക റിസ്കുകൾ ഉണ്ടായേക്കാം എന്ന് ഉപയോക്താവ് മനസ്സിലാക്കുന്നു. മാത്രമല്ല, WhatsApp ൽ കൈമാറിയ ഏതെങ്കിലും സന്ദേശവും വിവരങ്ങളും തേർഡ് പാർട്ടി വായിക്കുകയോ തടസ്സപ്പെടുകയോ പിടിച്ചെടുക്കുകയോ വഞ്ചിക്കുകയോ ചെയ്യുന്നതിനോ അല്ലെങ്കിൽ തേർഡ് പാർട്ടി കൈകാര്യം ചെയ്യുന്നതിനോ അല്ലെങ്കിൽ ട്രാൻസ്മിഷനിൽ കാലതാമസം ഉൾപ്പെടുന്നതിനോ ഉള്ള റിസ്ക്കിന് വിധേയമായിരിക്കും. ഈ സേവനം ഉപയോഗിക്കുന്നതിൽ നിന്നോ അതുമായി ബന്ധപ്പെട്ടോ ഉണ്ടാകുന്ന അനന്തരഫലങ്ങൾക്ക് ബാങ്കിന് നിങ്ങളോടോ ഏതെങ്കിലും തേർഡ് പാർട്ടിയോടോ ഉത്തരവാദിത്തമോ ബാധ്യതയോ ഉണ്ടായിരിക്കില്ല.

l. സേവന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ബാങ്കിന് നൽകാൻ കഴിയില്ലെന്ന് ഉപയോക്താവിന് അറിയാം. ഈ സേവനം ഉപയോഗിക്കുന്നതിൽ നിന്നോ അതുമായി ബന്ധപ്പെട്ടോ ഉണ്ടാകുന്ന അനന്തരഫലങ്ങൾക്ക് ബാങ്കിന് നിങ്ങളോടോ ഏതെങ്കിലും തേർഡ് പാർട്ടിയോടോ ഉത്തരവാദിത്തമോ ബാധ്യതയോ ഉണ്ടായിരിക്കില്ല.

m. WhatsApp പോലുള്ള മൊബൈൽ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിന് ഓതന്റിക്കേഷൻ ടെക്നോളജികളും കർശനമായ സുരക്ഷാ നടപടികളും ആവശ്യമാണെന്ന് ഉപയോക്താവിന് അറിയാം. ബാങ്കിന്റെ ജീവനക്കാർ, ഡീലർമാർ എന്നിവർ ഉൾപ്പെടെ ഏതെങ്കിലും തേർഡ് പാർട്ടിക്ക് തന്റെ പാസ്സ്‌വേർഡ് വെളിപ്പെടുത്താൻ പാടില്ലെന്ന് ഉറപ്പാക്കാൻ ഉപയോക്താവ് ഏൽക്കുന്നു. ഈ സേവനങ്ങൾ ഉപയോഗിക്കുമ്പോൾ ഉപയോക്താവും ബാങ്കും തമ്മിൽ കൈമാറിയ എല്ലാ ആശയവിനിമയങ്ങൾക്കും ഉപയോക്താവ് പൂർണ്ണമായും ഉത്തരവാദി ആയിരിക്കും.

n. തന്റെ ഡിവൈസ് (i) ഡിവൈസിൽ അടങ്ങിയ ഡാറ്റ/വിവരങ്ങൾ തട്ടിപ്പുകാർ അനധികൃതമായി ആക്സസ് ചെയ്യൽ; (ii) ഐഡന്റിറ്റി മോഷണം; (iii) സ്വകാര്യതാ ലംഘനങ്ങൾ; (iv) സ്റ്റെൽത്ത് സോഫ്റ്റ്‌വെയർ, മാൽവെയർ, വൈറസുകൾ മുതലായവ കടത്തിവിടൽ; (v) പ്രവർത്തനങ്ങൾ നിഷ്ക്രിയമാക്കൽ അല്ലെങ്കിൽ വികലമാക്കൽ; (vi) എൻക്രിപ്റ്റ് ചെയ്ത ഡാറ്റ/മെസ്സേജ് മുതലായവയുടെ ട്രാൻസ്മിഷൻ പിടിച്ചെടുക്കൽ തുടങ്ങിയ ഭീഷണികൾക്ക് വിധേയമാണെന്ന്

ഉപയോക്താവ് മനസ്സിലാക്കുന്നു. ഈ സേവനം ഉപയോഗിക്കുന്നതിൽ നിന്നോ അതുമായി ബന്ധപ്പെട്ടോ ഉണ്ടാകുന്ന അനന്തരഫലങ്ങൾക്ക് ബാങ്കിന് നിങ്ങളോടോ ഏതെങ്കിലും തേർഡ് പാർട്ടിയോടോ ഉത്തരവാദിത്തമോ ബാധ്യതയോ ഉണ്ടായിരിക്കില്ല. സേവനങ്ങൾ ഡി-രജിസ്റ്റർ ചെയ്ത് ഉപയോക്താവ് ഉടൻ സേവനങ്ങളിൽ നിന്ന് പുറത്തു കടക്കണം.

o. ഉപയോക്താവിനാണ് തന്റെ രജിസ്റ്റേർഡ് മൊബൈൽ നമ്പറുമായി ലിങ്ക് ചെയ്ത WhatsApp ൽ തന്റെ അക്കൗണ്ടിന്റെ സുരക്ഷ നിലനിർത്തുന്നതിന്റെ ഉത്തരവാദിത്തം, ഉപയോക്താവിന്റെ അക്കൗണ്ടിന്റെ സുരക്ഷയ്ക്ക് ബാങ്ക് ബാധ്യസ്ഥമോ ഉത്തരവാദിയോ ആയിരിക്കില്ല.

p. ഉപയോക്താവ് ഉചിതമായ നെറ്റ്‌വർക്ക് കണക്ഷൻ ഉറപ്പാക്കണം, ഉപയോക്താവിന്റെ മെസ്സേജുകൾ ലഭിക്കുന്നതും നെറ്റ്‌വർക്ക് കണക്ഷന് വിധേയമായിരിക്കും, ബാങ്കിൽ നിന്ന് പ്രതികരണങ്ങൾ ലഭിക്കുന്നതിൽ കാലതാമസം, സസ്പെൻഷൻ, തടസ്സം, അല്ലെങ്കിൽ ലഭിക്കാതെ വരുന്നതിനോ ബാങ്ക് ഉത്തരവാദിയോ ബാധ്യസ്ഥമോ ആയിരിക്കില്ല.

q. ഏതെങ്കിലും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിൽ തടസ്സങ്ങൾക്കും ഇടപെടലുകൾക്കും വിധേയമാകുന്ന നിരവധി അനിശ്ചിത ഘടകങ്ങളും സങ്കീർണ്ണമായ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ, സിസ്റ്റങ്ങൾ മുതലായവ ഉൾപ്പെടുമെന്ന് ഉപയോക്താവിന് അറിയാം. തടസ്സങ്ങൾ, കാലതാമസം അല്ലെങ്കിൽ നിർത്തിവയ്ക്കൽ ഇല്ലാതെ എല്ലായ്പ്പോഴും സേവനങ്ങൾ ലഭ്യമാകുമെന്ന ഉറപ്പോ വാറന്റിയോ ബാങ്ക് നൽകുന്നില്ല, കാരണം എന്തായിരുന്നാലും നിബന്ധനകളിലെ വ്യതിയാനം, കുറവ് വരുത്തൽ അഥവാ ചുമത്തുന്നതിന് അഥവാ WhatsApp ഉപയോഗിക്കാൻ ഉപയോക്താവിന് കഴിയാത്തതിന് ബാങ്ക് ഉത്തരവാദി ആയിരിക്കില്ല.

r. ഏതെങ്കിലും കാരണത്താൽ ബാങ്കിന്റെ ഭാഗത്ത് ഏതെങ്കിലും ലിങ്ക്/മൊബൈൽ/സിസ്റ്റം തടസ്സപ്പെടുന്നത് ഉൾപ്പെടെ സേവനം നിർത്തിവയ്ക്കൽ, തടസ്സം, ലഭ്യതയില്ലായ്മ അല്ലെങ്കിൽ തകരാർ എന്നിവ ഉണ്ടായാൽ തനിക്ക് ബാങ്കിനെതിരെ ക്ലെയിം ഉണ്ടായിരിക്കില്ലെന്ന് ഉപയോക്താവ് സമ്മതിക്കുന്നു.

s. ഉപയോക്താവിന് നോട്ടീസ് നൽകാതെ, ബാങ്കിന്റെ സ്വന്തം വിവേചനാധികാരത്തിൽ ഏത് സമയത്തും, സേവനം വിനിയോഗിക്കാനുള്ള ഉപയോക്താവിന്റെ അവകാശം പിൻവലിക്കാൻ ബാങ്കിന് അവകാശമുണ്ട്.

t. ഈ നിബന്ധനകളും വ്യവസ്ഥകളും ബാങ്കിന്റെ സ്വന്തം വിവേചനാധികാരത്തിൽ മുൻകൂർ നോട്ടീസ് നൽകാതെ ഏത് സമയത്തും പിൻവലിക്കാം, മറികടക്കാം, അല്ലെങ്കിൽ പരിഷ്ക്കരിക്കാം.

u.ബാങ്ക് അലേർട്ടുകളും അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങളും ഉപഭോക്താവ് നൽകിയത് പ്രകാരമുള്ള ഉപഭോക്താവിന്റെ മൊബൈൽ നമ്പറിലേക്കും കൂടാതെ/അല്ലെങ്കിൽ ഇമെയിൽ അഡ്രസ്സിലേക്കും ട്രാൻസ്മിറ്റ് ചെയ്യും. ബാങ്കിന് നൽകിയ മൊബൈൽ നമ്പറും ഇമെയിൽ അഡ്രസ്സും കൃത്യമാണെന്നും ബാങ്കിന്റെ റെക്കോർഡുകളിൽ അപ് ടു ഡേറ്റ് ആയി സൂക്ഷിച്ചിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടത് ഉപഭോക്താവിന്റെ പൂർണ്ണ ഉത്തരവാദിത്തമാണ്.

v.ആക്സിസ് ബാങ്ക് കസ്റ്റമർ റൈറ്റ്സ് പോളിസി - https://www.axis.bank.in/docs/defaultsource/noticeboard/importantnotice/customer--rights-policy.pdf

w. ആക്സിസ് ബാങ്ക് ഹെൽപ്പ്ഡെസ്ക്, പരാതി പരിഹാര പോളിസി നിബന്ധനകളും വ്യവസ്ഥകളും - https://www.axis.bank.in/docs/default-source/default-document-library/grievance-redressal/grievance-redressal-policy.pdf?sfvrsn=3866ba1d_14

## 7. സുരക്ഷാ നടപടികൾ -

a) ഉപയോക്താവ് ഇതിനാൽ നിരുപാധികവും അസന്നിഗ്ധവുമായി മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്യുന്നു, അതായത് താൻ: a) തന്റെ ഡിവൈസിന്റെ പാസ്സ്‌വേർഡുകൾ പൂർണ്ണമായും കർശനമായും രഹസ്യമായി സൂക്ഷിക്കണം, യാതൊരു സാഹചര്യത്തിലും മറ്റൊരു വ്യക്തിക്ക് പാസ്സ്‌വേർഡ് വെളിപ്പെടുത്താൻ പാടില്ല; b) പാസ്സ്‌വേർഡ് ഓർത്ത് വെക്കുക, അത് എഴുതിവെക്കുകയോ ഇലക്ട്രോണിക് രൂപത്തിൽ രേഖപ്പെടുത്തുകയോ ചെയ്യരുത്; c) അനധികൃത വ്യക്തിക്ക് തന്റെ ഡിവൈസിൽ ആക്സസ് അനുവദിക്കരുത് അല്ലെങ്കിൽ WhatsApp ആക്സസ് ചെയ്യുമ്പോൾ തന്റെ ഡിവൈസ് അശ്രദ്ധമായി ഇടരുത്; d) തന്റെ ഡിവൈസിലേക്കുള്ള ആക്സസ് ലോക്ക് ചെയ്യാൻ/നിയന്ത്രിക്കാൻ പാസ്കോഡ്/പാസ്സ്‌വേർഡ് /പിൻ/സെക്യൂരിറ്റി കീ സജ്ജമാക്കണം, അനധികൃത ആക്സസിൽ നിന്ന് അത് സുരക്ഷിതമാക്കണം, പാസ്കോഡ്/പാസ്സ്‌വേർഡ് /പിൻ/സെക്യൂരിറ്റി കീ മറ്റൊരു വ്യക്തിക്ക് ഷെയർ ചെയ്യാതിരിക്കണം; e) ഡിവൈസിൽ ഡിവൈസ് ദാതാവ് വരുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ നീക്കം ചെയ്യാൻ പാടില്ല, മതിയായ ആന്റി-വൈറസ് സംരക്ഷണം ഇൻസ്റ്റാൾ ചെയ്യുന്നത് ഉൾപ്പെടെ, ഏതെങ്കിലും റാൻസംവെയർ, മാൽവെയർ, വൈറസ് അല്ലെങ്കിൽ മറ്റേതെങ്കിലും സുരക്ഷാ ഭീഷണി ഡിവൈസിൽ കടക്കാതിരിക്കാൻ മതിയായ മുൻകരുതലുകൾ എടുക്കണം. മുകളിൽ പ്രതിപാദിച്ച പോലെ, തന്റെ സിം കാർഡ്, ഡിവൈസ്, അതിൽ ഇൻസ്റ്റാൾ ചെയ്ത ആപ്ലിക്കേഷനുകൾ, പ്രത്യേകിച്ച് WhatsApp, ലോഗിൻ ഐഡികൾ, യൂസർ വിവരങ്ങൾ, സുരക്ഷാ വിശദാംശങ്ങൾ, പാസ്സ്‌വേർഡുകൾ എന്നിവയുടെ സംരക്ഷണത്തിനും സുരക്ഷിതമായി സൂക്ഷിക്കുന്നതിനും എല്ലായ്പ്പോഴും താൻ പൂർണ്ണമായും ഉത്തരവാദി ആയിരിക്കുമെന്ന് ഉപയോക്താവ് ഇതിനാൽ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു, അതിൽ വിട്ടുവീഴ്ച്ച വരുത്തിയ ഏതെങ്കിലും പ്രവർത്തനം അല്ലെങ്കിൽ ഒഴിവാക്കൽ മൂലം സംഭവിക്കുന്ന പ്രത്യക്ഷമായോ പരോക്ഷമായോ അനന്തരഫലമായോ അല്ലെങ്കിൽ മറ്റ് നഷ്ടത്തിന് ബാങ്ക് ഒരു തരത്തിലും ബാധ്യസ്ഥമായിരിക്കില്ല എന്ന് ഇതിനാൽ പൂർണ്ണമായും സമ്മതിക്കുന്നു. സിം കാർഡ് നഷ്ടപ്പെടുന്നതിനോ സിം കാർഡ് മറ്റൊരു ഡിവൈസിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനോ ഉള്ള റിസ്കുകൾ താൻ മനസ്സിലാക്കുന്നുവെന്ന് ഉപയോക്താവ് സമ്മതിക്കുന്നു. WhatsApp ൽ സേവനങ്ങൾ ഉപയോഗിക്കുന്നതിന്, തന്റെ ഡിവൈസ് മാറ്റുമ്പോൾ WhatsApp ആപ്ലിക്കേഷൻ ഡിലീറ്റ് ചെയ്യാൻ ബാങ്ക് ഉപയോക്താവിനെ ശക്തമായി ഉപദേശിക്കുന്നു. കൂടാതെ, തന്റെ QR കോഡ് ഹാക്ക് ചെയ്യപ്പെടുന്നതിന്റെ അപകടസാധ്യതകളും അത് തന്റെ WhatsApp-ൽ ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങളും ഉപയോക്താവിന് മനസ്സിലാകും, അതിൽ മൂന്നാം കക്ഷിക്ക് ഉപയോക്താവിന്റെ WhatsApp-ലേക്കും സേവനങ്ങളിലേക്കും ഉള്ള ആക്സസ് ഉൾപ്പെടുന്നു. ഉപയോക്താവിന്റെ WhatsApp ന്റെ കാര്യത്തിൽ വിട്ടുവീഴ്ച്ച സംഭവിക്കുന്ന സാഹചര്യത്തിൽ ബാങ്ക് ഒരു ബാധ്യതയും ഏറ്റെടുക്കില്ലെന്ന് ഉപയോക്താവ് സമ്മതിക്കുന്നു,

അത്തരം സംഭവങ്ങൾക്ക് ബാങ്ക് ഉത്തരവാദി ആയിരിക്കില്ല. മാത്രമല്ല, വെബ് ലോഗിൻ ഉൾപ്പെടെ ഒന്നിൽ കൂടുതൽ ഡിവൈസുകളിൽ WhatsApp ലോഗിൻ ചെയ്യാൻ കഴിയുമെന്ന് ഉപയോക്താവ് സമ്മതിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു, സേവനം പ്രയോജനപ്പെടുത്തുമ്പോൾ ഉപയോക്തൃ വിവരങ്ങളിലെ വിട്ടുവീഴ്ച്ച, ഉപയോക്താവിന്റേത് അല്ലാത്ത ഡിവൈസിൽ നിന്ന് ഉപയോക്താവിന്റെ WhatsApp അക്കൗണ്ടിലെ സുരക്ഷാ ലംഘനം എന്നിങ്ങനെയുള്ള റിസ്കിനെക്കുറിച്ച് ഉപഭോക്താവിന് അവബോധമുണ്ട്, ശ്രദ്ധയും ജാഗ്രതയും പുലർത്തുമെന്ന് ഉപയോക്താവ് ഏൽക്കുന്നു, തന്റെ WhatsApp അക്കൗണ്ടിന്റെ സുരക്ഷക്ക് പൂർണ ഉത്തരവാദിത്തം ഏറ്റെടുക്കുകയും ചെയ്യുന്നു. ഈ സേവനം ഉപയോഗിക്കുന്നതിൽ നിന്നോ അതുമായി ബന്ധപ്പെട്ടോ ഉണ്ടാകുന്ന അനന്തരഫലങ്ങൾക്ക് ബാങ്കിന് നിങ്ങളോടോ ഏതെങ്കിലും തേർഡ് പാർട്ടിയോടോ ഉത്തരവാദിത്തമോ ബാധ്യതയോ ഉണ്ടായിരിക്കില്ല.

അത്തരം ഇമെയിൽ/ഫോൺ നമ്പർ/ആധികാരികത ഫോം ഫാക്ടർ/കസ്റ്റമറിന്റെ രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ ആക്സസ് ഉള്ള ഏതൊരു വ്യക്തിയും ഉപയോക്താവ് യഥാവിധി ചുമതലപ്പെടുത്തിയ ആളാണെന്നും, ഉപയോക്താവിനു വേണ്ടി, ഉപയോക്താവിന്റെ പേരിലാണ് അത് ചെയ്യുന്നതെന്നും, ഈ നിബന്ധന, വ്യവസ്ഥകൾ അതായത് ബാങ്കിനെ അംഗീകരിക്കുന്നത് ഉൾപ്പെടെ, അതിനെ തുടർന്നുള്ള നടപടികൾക്ക് ഉപയോക്താവ് അസന്നിഗ്ധമായിഅധികാരത്തോടും ഉദ്ദേശ്യത്തോടും കൂടി ബാധ്യസ്ഥമാകുമെന്നും ഉപയോക്താവ് സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.
എന്നാൽ, സേവനങ്ങൾക്കായുള്ള ഏതെങ്കിലും അഭ്യർത്ഥന ബാങ്ക് രജിസ്റ്റർ ചെയ്ത നമ്പറിലേക്ക് WhatsApp ൽ വന്നാൽ, ഉപഭോക്താവിനെയോ ഉപയോക്താവിനെയോ ആധികാരികമാക്കാൻ ബാങ്ക് ബാധ്യസ്ഥരല്ല. ഉപഭോക്താവിന്റെ കാര്യത്തിൽ, അഭ്യർത്ഥിക്കുന്നയാളുടെ ഡിവൈസിൽ പ്രതിഫലിക്കുന്ന നമ്പർ ഉപഭോക്താവിന്റെ രജിസ്റ്റർ ചെയ്ത നമ്പറാണെങ്കിൽ, WhatsApp വഴി ആശയവിനിമയം നടത്തുന്നത് ഉപഭോക്താവ് തന്നെയാണെന്ന് അനുമാനിക്കാൻ ബാങ്കിന് അവകാശമുണ്ട്. മറ്റേതെങ്കിലും ഉപയോക്താവിന്റെ കാര്യത്തിൽ, WhatsApp പ്രൊഫൈലിൽ പ്രതിഫലിക്കുന്ന നമ്പർ ഉപയോക്താവിന്റെ നമ്പറാണെന്നും അത് ഉപയോക്താവ് തന്നെയാണെന്നും ബാങ്ക് രജിസ്റ്റർ ചെയ്ത നമ്പറുമായി സംവദിക്കുന്നത് മറ്റേതെങ്കിലും വ്യക്തിയല്ലെന്നും അനുമാനിക്കാൻ ബാങ്കിന് അവകാശമുണ്ട്.

b) എഫ്ഡി/ആർഡി തുറക്കുന്നതിനും സ്റ്റോപ്പ് ചെക്ക് പേമെന്റ് ട്രാൻസാക്ഷനുകൾക്കും, ഒരിക്കൽ ആധികാരികമാക്കിയാൽ ട്രാൻസാക്ഷനുകൾ നിർത്താൻ കഴിയില്ലെന്നും അതിനാൽ രണ്ട് തവണ അക്കൗണ്ട് നമ്പർ പരിശോധിക്കണമെന്നും ഉപഭോക്താക്കളെ അറിയിക്കുന്നു
സ്റ്റോപ്പ് ചെക്ക് പേമെന്റ് ട്രാൻസാക്ഷനുകൾക്ക്, കസ്റ്റമറിനോട് ചെക്ക് നമ്പറിന്റെ അവസാന 4 അക്കങ്ങൾ എന്റർ ചെയ്യാൻ ആവശ്യപ്പെടുന്നു, തുടർന്ന് വിജയകരമായ ഒടിപി വാലിഡേഷന് ശേഷം, ചെക്ക് റിയൽ ടൈം അടിസ്ഥാനത്തിൽ നിർത്തലാക്കുന്നു.

AXIS BANK

## 8. റിസ്കുകൾ

സ്വന്തം റിസ്കിലാണ് സേവനങ്ങൾ ഉപയോഗിക്കുന്നതെന്നും ഏതെങ്കിലും റിസ്കുകൾക്ക് ബാങ്കിനെ ഉത്തരവാദിയോ ബാധ്യസ്ഥമോ ആക്കില്ലെന്നും ഉപയോക്താവ് ഇതിനാൽ സമ്മതിക്കുന്നു. മുകളിൽ പ്രതിപാദിച്ച റിസ്കുകൾക്ക് പുറമേ, ഈ റിസ്കുകളിൽ ഇനിപ്പറയുന്നവ ഉൾപ്പെടും, അതിൽ മാത്രം പരിമിതപ്പെടില്ല:

### a) പാസ്സ്‌വേർഡിന്റെ ദുരുപയോഗം:

ഏതെങ്കിലും മൂന്നാം വ്യക്തി ഉപയോക്താവിന്റെ ഡിവൈസിലോ സിം കാർഡിലോ WhatsApp ലോ ആക്സസ് നേടിയാൽ, അത്തരം തേർഡ് പാർട്ടി ഉപയോക്താവിന്റെ അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടെ ഉപയോക്താവിന്റെ അക്കൗണ്ട് ബാലൻസ്, മിനി ബാങ്ക് സ്റ്റേറ്റ്മെന്റുകൾ തുടങ്ങിയ രഹസ്യസ്വഭാവമുള്ള വിവരങ്ങൾ ആക്സസ് ചെയ്യാൻ കഴിയുന്ന സ്ഥിതിയിൽ ആയിരിക്കും. പാസ്സ്‌വേർഡിന്റെ ഉപയോഗത്തിനും, WhatsApp ന്റെയും ഉപയോക്താവിന്റെ ഡിവൈസിന്റെയും സുരക്ഷക്കും ബാധകമായ നിബന്ധനകളും വ്യവസ്ഥകളും കർശനമായി പാലിക്കുന്നുവെന്ന് ഉപയോക്താവ് എപ്പോഴും ഉറപ്പാക്കണം.

### b) ഇന്റർനെറ്റ് തട്ടിപ്പുകൾ:

സേവനങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ ഉപയോക്താവിന് ലഭ്യമായ വിവരങ്ങളുടെ സുരക്ഷയെ ഭീഷണിപ്പെടുത്തുന്ന നിരവധി തട്ടിപ്പുകൾ, ദുരുപയോഗം, ഹാക്കിംഗ്, ഫിഷിംഗ്, മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഇന്റർനെറ്റ് വിധേയപ്പെടാം. അത് തടയാനുള്ള സുരക്ഷ നൽകാൻ ബാങ്ക് ലക്ഷ്യമിടുമ്പോൾ തന്നെ, സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ബാങ്കിന് നൽകിയ നിർദ്ദേശങ്ങളെ ബാധിക്കുന്ന അത്തരം ഇന്റർനെറ്റ് തട്ടിപ്പുകൾ, ഹാക്കിംഗ്, ഫിഷിംഗ്, മറ്റ് പ്രവർത്തനങ്ങൾ എന്നിവയിൽ നിന്ന് സുരക്ഷ ഉറപ്പ് നൽകാൻ അതിന് കഴിയില്ല. ഉപയോക്താവ് അതിൽ നിന്ന് ഉളവാകുന്ന എല്ലാ റിസ്കുകളും പരിശോധിച്ചു/വിലയിരുത്തി.

### c) അബദ്ധങ്ങളും പിശകുകളും:

ഏതെങ്കിലും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്, ബാങ്കിന് ശരിയായ, കൃത്യമായ പൂർണ്ണമായ വിശദാംശങ്ങൾ നൽകാൻ ബാങ്ക് ആവശ്യപ്പെടാം. ഉദാഹരണത്തിന്, അക്കൗണ്ട് ബാലൻസ് എടുക്കാൻ ശ്രമിക്കുമ്പോൾ അക്കൗണ്ടിന്റെ ആവശ്യമായ വിശദാംശങ്ങൾ താൻ പൂരിപ്പിക്കണമെന്ന് ഉപയോക്താവിന് അറിയാം. ഇക്കാര്യത്തിൽ എന്തെങ്കിലും കൃത്യത ഇല്ലാതെ വന്നാൽ, ഉപയോക്താവിന് പ്രതികരണങ്ങൾ അയയ്ക്കാമെന്നും, അല്ലെങ്കിൽ തനിക്ക് ബാധകമല്ലാത്ത അല്ലെങ്കിൽ തൃപ്തികരമല്ലാത്ത പ്രതികരണം കാണിക്കാമെന്നും ഉപയോക്താവ് അംഗീകരിക്കുന്നു, അത്തരം സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഉപയോക്താവിന് ഉണ്ടാകുന്ന നഷ്ടത്തിന് ബാങ്ക് ബാധ്യസ്ഥമായിരിക്കില്ലെന്ന് ഉപയോക്താവ് സമ്മതിക്കുന്നു. അതിനാൽ അബദ്ധങ്ങളും പിശകുകളും ഇല്ലെന്നും ഇക്കാര്യത്തിൽ ഉപയോക്താവ് ബാങ്കിലേക്ക് അയച്ച സന്ദേശം/നടത്തിയ അഭ്യർത്ഥന/അന്വേഷണം എല്ലാ

സമയത്തും തെറ്റുകൾ ഇല്ലാത്തതും കൃത്യവും പൂർണ്ണവുമാണെന്നും ഉറപ്പ് വരുത്താൻ ഉപയോക്താവ് ശ്രദ്ധ പുലർത്തണം. ഉപയോക്താവിന്റെ സ്വന്തം റിസ്കിലാണ് ബാങ്ക് സേവനങ്ങൾ നൽകുന്നതെന്ന് ഉപയോക്താവ് സമ്മതിക്കുന്നു. തെറ്റായ അല്ലെങ്കിൽ അപൂർണ്ണമായ വിവരങ്ങൾ അല്ലെങ്കിൽ ബാങ്കിന്റെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ കാലതാമസം കാരണം ഉണ്ടാകുന്ന നഷ്ടം, തകരാറുകൾ അല്ലെങ്കിൽ അനന്തരഫലങ്ങൾക്ക് ബാങ്ക് ബാധ്യസ്ഥമായിരിക്കില്ലെന്ന് ഉപയോക്താവ് സമ്മതിക്കുന്നു. സേവനങ്ങൾ പ്രയോജനപ്പെടുത്തുന്ന വേളയിൽ താൻ നേടിയ അന്യായമോ നീതിരഹിതമോ ആയ നേട്ടത്തിന് ചോദ്യങ്ങൾ ഇല്ലാതെ ബാങ്കിന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കാൻ ഉപയോക്താവ് ബാങ്കിനോട് ബാധ്യസ്ഥനും ഉത്തരവാദിയും ആയിരിക്കും.

**d) ടെക്നോളജി റിസ്കുകൾ:**

ബാങ്ക് നൽകുന്ന സേവനങ്ങൾ പ്രാപ്യമാക്കുന്നതിനുള്ള ടെക്നോളജിയെ റാൻസംവെയർ, വൈറസ് അല്ലെങ്കിൽ മറ്റ് ഹാനികരമായ, വിനാശകരമായ അല്ലെങ്കിൽ കറപ്റ്റിംഗ് കോഡ്, പ്രോഗ്രാം അല്ലെങ്കിൽ മാക്രോ അല്ലെങ്കിൽ മറ്റേതെങ്കിലും സുരക്ഷാ ഭീഷണി ബാധിച്ചേന്ന് വരാം. ബാങ്കിന്റെ സൈറ്റിന് മെയിന്റനൻസ് ആവശ്യമായി വന്നേക്കാം, അത്തരം വേളയിൽ ഉപയോക്താക്കളുടെ അഭ്യർത്ഥന പ്രോസസ്സ് ചെയ്യാൻ കഴിയില്ല. ഇത് നിർദ്ദേശങ്ങളുടെ പ്രോസസ്സിംഗിൽ കാലതാമസം അല്ലെങ്കിൽ നിർദ്ദേശങ്ങളുടെ പ്രോസസ്സിംഗിൽ പരാജയം, അത്തരം മറ്റ് പരാജയങ്ങൾ, കഴിയാതെ വരിക എന്നിവയ്ക്ക് കാരണമാകാം. ലാഭം നഷ്ടമാകുന്നതിൽ നിന്ന് ഉളവാകുന്ന, അല്ലെങ്കിൽ ഏത് കാരണത്താൽ ആയാലും ഉപയോക്തൃ നിർദേശം ബാങ്കിന് മാനിക്കാൻ കഴിയാതെ വരുന്നതിൽ നിന്ന് ഉളവാകുന്ന പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള എല്ലാ ബാധ്യതകളും ബാങ്ക് നിരാകരിക്കുന്നുവെന്ന് ഉപയോക്താവ് മനസ്സിലാക്കുന്നു.
മേൽപ്പറഞ്ഞ ഏതെങ്കിലും റിസ്കുകൾക്ക് ബാങ്ക് ഉത്തരവാദി ആയിരിക്കില്ലെന്ന് ഉപയോക്താവ് അസന്നിഗ്ധമായും നിരുപാധികമായും മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. പ്രസ്തുത റിസ്കുകളുമായി ബന്ധപ്പെട്ട് ബാങ്ക് എല്ലാ ബാധ്യതയും നിരാകരിക്കുമെന്നും ഉപയോക്താവ് അംഗീകരിക്കുന്നു.

## 9. വിവരങ്ങളുടെ കൃത്യത

സേവനങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ ബാങ്കിന് നൽകിയ വിവരങ്ങളുടെ കൃത്യതയ്ക്കും വസ്തുതക്കും താൻ ഉത്തരവാദിയാണെന്ന് ഉപയോക്താവ് സമ്മതിക്കുന്നു. ഉപയോക്താവ് നൽകിയ തെറ്റായ, അപൂർണ്ണമായ, കൃത്യമല്ലാത്ത, അസത്യമായ വിവരങ്ങളിൽ നിന്ന് ഉണ്ടാകുന്ന അനന്തരഫലങ്ങൾക്ക് ബാങ്ക് ബാധ്യതയും ഉത്തരവാദിത്തവും ഏറ്റെടുക്കില്ല. സേവനങ്ങളിൽ ഏതെങ്കിലും ഉപയോഗിക്കുമ്പോൾ തനിക്ക് ലഭിക്കുന്ന ഏതെങ്കിലും വിവരത്തിൽ പിശകോ കൃത്യത ഇല്ലായ്മയോ തന്റെ ശ്രദ്ധയിൽ പെട്ടാൽ, ഉപയോക്താവ് കഴിവതും വേഗം അക്കാര്യം ബാങ്കിനെ അറിയിക്കണമെന്ന കാര്യം ഉപയോക്താവ് സമ്മതിക്കുന്നു. പിശക് ഉടൻ തിരുത്താൻ ബാങ്ക് ശ്രമിക്കും. WhatsApp ൽ കാണുന്ന എല്ലാ സ്റ്റേറ്റ്മെന്റുകളുടെയും ഔട്ട്പുട്ടുകളും, അതിനായി അഭ്യർത്ഥന നടത്തുമ്പോൾ, ബാങ്ക് നിലനിർത്തുന്ന ഒരു കമ്പ്യൂട്ടറൈസ്ഡ് ബാക്കപ്പ് സിസ്റ്റത്തിൽ നിന്ന്

എടുത്തിട്ടുള്ള വിവരങ്ങളാണെന്നും, അത് അതാത് സമയത്ത് തുടർച്ചയായി അപ്ഡേറ്റ് ചെയ്യാൻ കഴിയില്ലെന്നും ഉപയോക്താവ് സമ്മതിക്കുന്നു. ബാങ്കിന്റെ സിസ്റ്റങ്ങളിൽ ഒടുവിൽ അപ്ഡേറ്റ് ചെയ്ത വിവരങ്ങളാണ് ബാങ്ക് നൽകുക. സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഉറപ്പാക്കാൻ ബാങ്ക് എല്ലാ ന്യായമായ നടപടികളും എടുക്കുമ്പോൾ, ഏതെങ്കിലും പിശകിന് ബാങ്ക് ബാധ്യസ്ഥമല്ല, അത്തരം വിവരങ്ങളെ ആശ്രയിച്ച് ഉപയോക്താവ് ഉണ്ടാകുന്ന നഷ്ടത്തിനോ നടപടികൾക്കോ ബാങ്ക് ഉത്തരവാദി ആയിരിക്കില്ല. തകരാറുകൾ, നഷ്ടങ്ങൾ, ബാധ്യതകൾ, സെറ്റിൽമെന്റുകൾ, ചെലവുകൾ, വ്യയങ്ങൾ അല്ലെങ്കിൽ പിഴകൾ എന്നിവയിൽ നിന്ന് താൻ ബാങ്കിനെ ദോഷരഹിതവും ബാധ്യതാമുക്തവും ആക്കുമെന്ന് ഉപയോക്താവ് സമ്മതിക്കുന്നു. മേൽപ്പറഞ്ഞ ഔട്ട്പുട്ടുകളിൽ അടങ്ങിയിരിക്കുന്ന വിവരങ്ങൾ കൃത്യമല്ല/ തെറ്റാണ് എങ്കിൽ, അത് തനിക്ക് ഉളവാകാം അല്ലെങ്കിൽ നേരിടാം എന്ന്.

**10. ബാധ്യത**

WhatsApp ന്റെ അനധികൃത ഉപയോഗങ്ങളിൽ നിന്നും/അല്ലെങ്കിൽ സേവനങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ നടത്തിയ അഭ്യർത്ഥനകൾക്കും/അല്ലെങ്കിൽ ഈ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ഏതെങ്കിലും ലംഘനങ്ങൾക്കും അല്ലെങ്കിൽ തനിക്ക് ഏതെങ്കിലും തരത്തിൽ പങ്കുണ്ടെങ്കിൽ അല്ലെങ്കിൽ താഴെപ്പറയുന്നവ ഉൾപ്പെടെയുള്ള അശ്രദ്ധമായ പ്രവർത്തനങ്ങൾ മൂലമുള്ള നഷ്ടത്തിന് താൻ ബാധ്യസ്ഥമായിരിക്കുമെന്ന് ഉപയോക്താവ് സമ്മതിക്കുന്നു:

a) ഉപയോക്താവിന്റെ ഡിവൈസ് പാസ്സ്‌വേർഡ് എഴുതിയോ ഇലക്ട്രോണിക് രേഖയായോ സൂക്ഷിക്കൽ.

b) ഉപയോക്താവിന്റെ WhatsApp /അല്ലെങ്കിൽ ക്യുആർ കോഡ് വെളിപ്പെടുത്തുന്നത് തടയുന്നതിനും /അല്ലെങ്കിൽ ന്യായമായ സമയത്തിനുള്ളിൽ അത്തരം വെളിപ്പെടുത്തൽ ബാങ്കിനെ ഉപദേശിക്കുന്നതിൽ പരാജയപ്പെടുന്നതിനും ന്യായമായ എല്ലാ നടപടികളും വെളിപ്പെടുത്തുന്നതിൽ അല്ലെങ്കിൽ പരാജയപ്പെടുന്നത്.

c) ഉപയോക്താവിന്റെ WhatsApp രജിസ്റ്റർ ചെയ്തിട്ടുള്ള സിം കാർഡ് നഷ്ടപ്പെടുന്നു;

d) മുൻ ഡിവൈസിൽ നിന്ന് WhatsApp ആപ്ലിക്കേഷൻ ഡിലീറ്റ് ചെയ്യാതെ ഉപയോക്താവിന്റെ WhatsApp രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റൊരു ഡിവൈസിലേക്ക് സിം കാർഡ് ട്രാൻസ്ഫർ ചെയ്യുന്നു.

e) തന്റെ WhatsApp ൽ അനധികൃത ആക്സസ് അല്ലെങ്കിൽ തെറ്റായ ട്രാൻസാക്ഷനുകൾ/സേവനങ്ങളുടെ ഉപയോഗം സംബന്ധിച്ച് യഥാസമയം ബാങ്കിനെ അറിയിക്കുന്നില്ല. മേൽപ്പറഞ്ഞ ഏതെങ്കിലും കാരണങ്ങളാൽ ഉൾപ്പെടെ, ഈ സേവനത്തിൽ നിന്ന് അല്ലെങ്കിൽ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട അനന്തരഫലങ്ങൾക്ക് ബാങ്ക് ഉപയോക്താവിനോടോ ഏതെങ്കിലും തേർഡ് പാർട്ടിയോടോ ഉത്തരവാദിത്തമോ ബാധ്യസ്ഥമോ ആയിരിക്കില്ല, മേൽപ്പറഞ്ഞവ മൂലമുള്ള മുഴുവൻ ബാധ്യതയും ഉത്തരവാദിത്തവും പൂർണ്ണമായും പ്രസ്തുത ഉപയോക്താവിൽ ആയിരിക്കും. പ്രകൃതി ദുരന്തം, വെള്ളപ്പൊക്കം, അഗ്നിബാധ, മറ്റ് പ്രകൃതി ദുരന്തങ്ങൾ, നിയമപരമായ നിയന്ത്രണങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്കിലെ അപാകതകൾ അല്ലെങ്കിൽ നെറ്റ്‌വർക്ക് തകരാർ, സോഫ്റ്റ്‌വെയർ അല്ലെങ്കിൽ ഹാർഡ്‌വെയർ പിശക് അല്ലെങ്കിൽ ബാങ്കിന്റെ നിയന്ത്രണത്തിന് അപ്പുറമുള്ള മറ്റേതെങ്കിലും കാരണങ്ങൾ എന്നിവ ഉൾപ്പെടെ എന്നാൽ അതിൽ മാത്രം പരിമിതപ്പെടാത്ത കാരണങ്ങളാൽ ഇവിടെ നൽകിയിരിക്കുന്ന രീതിയിൽ/അഭിലഷണീയ രീതിയിൽ സേവനങ്ങൾക്കായി രജിസ്റ്റർ ചെയ്യാൻ ഉപയോക്താവിന് കഴിയുന്നില്ലെങ്കിൽ ബാങ്ക്

ഉപയോക്താവിനോട് ബാധ്യസ്ഥമായിരിക്കില്ലെന്ന് ഉപയോക്താവ് സമ്മതിക്കുന്നു. അത്തരം കുഴപ്പങ്ങൾ പ്രത്യക്ഷമോ, പരോക്ഷമോ, സാന്ദർഭികമോ, അനന്തരഫലമായതോ, വരുമാനം, നിക്ഷേപം, ഉൽപാദനം, സദ്ഭാവന, ലാഭം, ബിസിനസിന്റെ തടസ്സം അല്ലെങ്കിൽ ഏതെങ്കിലും സ്വഭാവത്തിന്റെ പ്രകൃതത്തിന്റെ മറ്റേതെങ്കിലും നഷ്ടം, ഉപയോക്താവ് അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തി നേരിട്ട നഷ്ടം എന്നിവ അടിസ്ഥാനമാക്കിയുള്ളതാണോ എന്നത് എന്തായിരുന്നാലും യാതൊരു സാഹചര്യത്തിലും നഷ്ടങ്ങൾക്ക് ബാങ്ക് ബാധ്യസ്ഥമായിരിക്കില്ല. മാത്രമല്ല, സാങ്കേതിക തകരാർ/പിശക് അല്ലെങ്കിൽ ടെലികമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്കിൽ പരാജയം അല്ലെങ്കിൽ ഏതെങ്കിലും സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ സിസ്റ്റങ്ങളിൽ ഏതെങ്കിലും പിശക് കാരണം ഏതെങ്കിലും സേവനങ്ങൾ/സൗകര്യം തടസ്സപ്പെട്ടാൽ, അല്ലെങ്കിൽ ലഭ്യമല്ലാതെ വന്നാൽ ഉണ്ടാകുന്ന ഏതെങ്കിലും കുഴപ്പങ്ങൾ, നഷ്ടങ്ങൾ (നേരിട്ടോ അല്ലാതെയോ) എന്നിവയ്ക്ക് ബാങ്ക് ബാധ്യസ്ഥമായിരിക്കില്ല. WhatsApp ആപ്ലിക്കേഷന്റെ ഉടമസ്ഥതയും നിയന്ത്രണവും ബാങ്കുമായി ബന്ധമില്ലാത്ത ഒരു സ്വതന്ത്ര തേർഡ് പാർട്ടിക്ക് ആണെന്ന് ഉപയോക്താവ് സമ്മതിക്കുന്നു. WhatsApp ന്റെയും അതിൽ നിന്ന്/ അതിനുള്ളിൽ ലിങ്ക് ചെയ്തേക്കാവുന്ന മറ്റേതെങ്കിലും സ്ഥാപനത്തിന്റെയും സ്വകാര്യത അല്ലെങ്കിൽ സുരക്ഷാ നയങ്ങൾക്ക് ബാങ്ക് ഉത്തരവാദിയല്ല, പ്രസ്തുത ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിൽ നിന്ന് ഉപയോക്താവിന് ഉണ്ടാകുന്ന കുഴപ്പങ്ങൾക്ക് ബാധ്യത ഏറ്റെടുക്കില്ല. WhatsApp ന്റെ ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ സേവനങ്ങൾ അല്ലെങ്കിൽ അതിൽ പ്രത്യക്ഷപ്പെടുന്ന ഏതെങ്കിലും പരസ്യം മുതലായവ ബാങ്ക് ശരിവെക്കുന്നില്ലെന്ന് ഉപയോക്താവ് പൂർണ്ണമായി മനസ്സിലാക്കുന്നു.

## 11. ഉപയോക്തൃ വിവരങ്ങൾ -

WhatsApp ൽ ഉപയോക്താവിന്റെ വിവരങ്ങളുടെ അനധികൃത ഉപയോഗം അല്ലെങ്കിൽ ആകസ്മികമായ വെളിപ്പെടുത്തൽ തടയാൻ ബാങ്ക് പ്രോസസുകളും സാങ്കേതികവിദ്യയും ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും, സേവനങ്ങളുമായി ബന്ധപ്പെട്ട് ഉപയോക്താവിന്റെ മറ്റേതെങ്കിലും ഡാറ്റയും ഉപയോഗിക്കുന്നതിലൂടെ, ഉപയോക്താവിന്റെ വിവരങ്ങളും സേവനങ്ങളുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും ഡാറ്റയും ആപ്ലിക്കേഷൻ/വെബ്സൈറ്റ്/വെബ്പേജിലും WhatsApp ന്റെ സെർവറിലും സൂക്ഷിക്കാമെന്ന് ഉപയോക്താവ് മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു, അത് ബാങ്കിന്റെ നിയന്ത്രണത്തിന് പുറത്താണ്, ഉപയോക്തൃ വിവരങ്ങളുടെയോ അതിൽ സൂക്ഷിച്ചിരിക്കുന്ന മറ്റേതെങ്കിലും ഡാറ്റയുടെയോ സുരക്ഷ ഉറപ്പാക്കാൻ ബാങ്കിന് കഴിയില്ല. ബാങ്കിന്റെ നിയന്ത്രണത്തിന് പുറത്തുള്ള അത്തരം ഉപയോക്തൃ വിവരങ്ങളിലെ/ഡാറ്റയിലെ വിട്ടുവീഴ്ചയ്ക്ക് ബാങ്കിന് ഉത്തരവാദിത്തമല്ലെന്ന് ഉപയോക്താവ് നിരുപാധികമായും അസന്നിഗ്ധമായും സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു, ഉപയോക്താവ് സ്വന്തം ഇഷ്ടത്തിലും റിസ്കിലുമാണ് ഉപയോക്തൃ വിവരങ്ങൾ ലഭ്യമാക്കുന്നതെന്ന് അംഗീകരിക്കുകയും ചെയ്യുന്നു.
ഉപയോക്താവിന്റെ വിവരങ്ങളുമായി ബന്ധപ്പെട്ട് ഇനിപ്പറയുന്നവയിൽ ഏതെങ്കിലും ചെയ്യാനും ഏറ്റെടുക്കാനും, അതിന്റെ ആവശ്യങ്ങൾക്കായി ബാങ്ക് പ്രസക്തമാണെന്ന് കരുതുന്നതുമായി ബന്ധപ്പെട്ട്, ബാങ്കിന് (സ്വയം അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും സേവന ദാതാക്കൾ വഴി പ്രവർത്തിക്കുകയാണെങ്കിലും, ഓട്ടോമേറ്റഡ് രീതിയിലോ മറ്റെന്തെങ്കിലും വഴിയോ

പ്രവർത്തിക്കുകയാണെങ്കിലും) ഉപയോക്താവ് ഇതിനാൽ വ്യക്തമായി സമ്മതം നൽകുകയും അധികാരപ്പെടുത്തുകയും ചെയ്യുന്നു:
i) ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളിൽ നിന്ന് WhatsApp ആക്സസ് ചെയ്യുന്നത് ഉൾപ്പെടെ മറ്റ് ഫിസിക്കൽ അല്ലെങ്കിൽ ഓൺലൈൻ സ്രോതസ്സുകളിൽ നിന്നും ഉപയോക്തൃ വിവരങ്ങൾ ശേഖരിക്കുന്നതിന്, ഓൺലൈൻ ഡാറ്റ ബേസുകൾ ഉൾപ്പെടെ ഏതെങ്കിലും സ്രോതസ്സുകളിൽ നിന്നും വ്യക്തികളിൽ നിന്നും വെരിഫൈ ചെയ്ത ഉപയോക്തൃ വിവരങ്ങളുടെ ആധികാരികത, കൃത്യത, പര്യാപ്തത മുതലായവ ലഭിക്കുന്നതിന്; ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ എന്റെ/ഞങ്ങളുടെ ലോഗിൻ, പാസ്സ്‌വേർഡ് ക്രെഡൻഷ്യലുകൾ ഉപയോഗിക്കുന്നത് ഉൾപ്പെടെ ഉപയോക്തൃ വിവരങ്ങൾ ആക്സസ് ചെയ്യുന്നതിനോ ശേഖരിക്കുന്നതിനോ പരിശോധിക്കുന്നതിനോ എന്റെ/ഞങ്ങളുടെ പേരിൽ പ്രവർത്തിക്കാൻ; എനിക്ക്/ഞങ്ങൾക്ക് അറിയിപ്പ് നൽകാതെ അത്തരം കളക്ഷൻ, ആക്സസ്, വെരിഫിക്കേഷൻ എന്നിവ നടത്തുന്നതിന്;
ii)ബാങ്ക് അനുയോജ്യമെന്ന് കരുതുന്നതുപോലെ സ്റ്റോർ ചെയ്യൽ, ഘടന, സംഘടിപ്പിക്കൽ, പുനർനിർമ്മിക്കൽ, പകർത്തൽ, ഉപയോഗിക്കൽ, പ്രൊഫൈലിംഗ് മുതലായവ ഉൾപ്പെടെയുള്ള ഉപയോക്തൃ വിവരങ്ങൾ പ്രോസസ് ചെയ്യുന്നതിന്;

iii) കരാർ, നിയമം അല്ലെങ്കിൽ ബാങ്കിന്റെ തെളിവുകൾ, ക്ലെയിം ആവശ്യങ്ങൾ, ഏതാണോ കൂടുതൽ അത് എന്നിവയ്ക്ക് ആവശ്യമായ കാലയളവിലേക്ക് ഉപയോക്തൃ വിവരങ്ങൾ സൂക്ഷിക്കുന്നതിന്;

iv) സേവന ദാതാക്കൾ, കൺസൾട്ടന്റുകൾ, ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾ, മറ്റ് ബാങ്കുകൾ, ഫൈനാൻഷ്യൽ സ്ഥാപനങ്ങൾ, അഫിലിയേറ്റുകൾ, സബ്സിഡിയറികൾ, റെഗുലേറ്റർമാർ, അന്വേഷണ ഏജൻസികൾ, ജുഡീഷ്യൽ, ക്വാസി-ജുഡീഷ്യൽ, സ്റ്റാറ്റ്യൂട്ടറി അതോറിറ്റികൾ, കരാർ അല്ലെങ്കിൽ നിയമപരമായ ആവശ്യങ്ങൾ, ബാങ്കിന്റെ നിയമാനുസൃത താൽപ്പര്യങ്ങൾ അല്ലെങ്കിൽ സമ്മതം അനുസരിച്ച് ആവശ്യമായ മറ്റ് വ്യക്തികൾക്ക് ഉപയോക്തൃ വിവരങ്ങൾ പങ്കിടാനും വെളിപ്പെടുത്താനും;

v) മുകളിൽ പ്രതിപാദിച്ച ഉദ്ദേശ്യങ്ങൾക്കായി, ക്രെഡിറ്റ് അപ്രൈസൽ, തട്ടിപ്പ് കണ്ടെത്തൽ, അനധികൃത പണമിടപാട് വിരുദ്ധ ബാധ്യതകൾ, കരാറിൽ പ്രവേശിക്കുന്നതിന്, നേരിട്ടുള്ള മാർക്കറ്റിംഗിന്, ക്രെഡിറ്റ് സ്കോറിംഗ് മോഡലുകളും ബിസിനസ് തന്ത്രങ്ങളും വികസിപ്പിക്കുന്നതിന്, നിരീക്ഷണത്തിന്, സേവനങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും, മറ്റ് നിയമാനുസൃതമായ ആവശ്യങ്ങൾക്കായി അല്ലെങ്കിൽ സമ്മതത്തോടെ ഏതെങ്കിലും ആവശ്യങ്ങൾക്കായി ബാങ്ക് മേൽപ്പറഞ്ഞവയിൽ ഏതെങ്കിലും വിനിയോഗിക്കാം.

സേവനങ്ങൾ, സ്റ്റോറേജ്, സോഫ്റ്റ്‌വെയർ/ഹാർഡ്‌വെയർ ആവശ്യകതകൾ, അഭ്യർത്ഥനകളുടെ പ്രോസസ്സിംഗ്, എഞ്ചിനുകൾ, പ്രതികരണങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾക്ക് ബാങ്ക് യഥാസമയം ഒരു സേവന ദാതാവിനെ ഏർപ്പെടുത്താം എന്ന് ഉപയോക്താവ് സമ്മതിക്കുന്നു. ഉപയോക്താവിന് അതിനോട് എതിർപ്പ് ഇല്ല. മേൽപ്പറഞ്ഞ ഏതെങ്കിലും (i) മുതൽ (v) വരെയുള്ള എല്ലാ ഓതറൈസേഷനും അവകാശങ്ങളും ബാങ്കും അതിന്റെ സേവന ദാതാക്കളും തമ്മിലുള്ള എല്ലാ ഷെയറിംഗും വെളിപ്പെടുത്തലുകളും ഉൾപ്പെടെ ബാങ്കിന്റെ സേവന ദാതാക്കൾക്ക് നൽകിയിട്ടുണ്ടെന്ന് ഉപയോക്താവ് ഇതിനാൽ സ്ഥിരീകരിക്കുന്നു. വിവരങ്ങൾ ഉപയോഗിക്കുന്നതിനും യഥാകാലം

അവരുടെ വിവിധ ഉൽപ്പന്നങ്ങളും സേവനങ്ങളും ക്രോസ്-സെല്ലിംഗ് ചെയ്യുന്നതിനും ഉപയോക്താവ് ബാങ്കിനോടും/അല്ലെങ്കിൽ അതിന്റെ അഫിലിയേറ്റുകളോടും വ്യക്തമായി സമ്മതിക്കുന്നു.

**12. പ്രൈവസി പോളിസി**

ബാങ്കിന്റെ https://www.Axisbank.com/aboutus/terms_conditions/privacy.htm **("പ്രൈവസി പോളിസി") -** ൽ കൊടുത്തിട്ടുള്ള സ്വകാര്യതാ നയം ഉപയോക്താവ് വായിച്ചു, മനസ്സിലാക്കി, അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ യഥാകാലം ബാങ്ക് വരുത്തുന്ന എല്ലാ മാറ്റങ്ങളും ഉപയോക്താവിന് ബാധ്യസ്ഥമാണ്, അതാത് കാലത്ത് പ്രാബല്യത്തിലുള്ള സ്വകാര്യതാ നയങ്ങൾ ബാങ്കിന്റെ വെബ്സൈറ്റ് ഈ ഉദ്ദേശ്യത്തിനായി ഉപയോഗിച്ച് ഉപയോക്താവ് ആനുകാലികമായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

**13. നഷ്ടപരിഹാരം**

ഈ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ഏതെങ്കിലും നിബന്ധനകൾ, വ്യവസ്ഥകൾ, സ്റ്റേറ്റ്മെന്റുകൾ, അണ്ടർടേക്കിംഗുകൾ, പ്രാതിനിധ്യങ്ങൾ, വാറന്റികൾ എന്നിവ ലംഘിക്കുന്നതിന്റെയും, അതുപോലെ ഏതെങ്കിലും തേർഡ് പാർട്ടികൾ ഉൾപ്പെടെ ബാങ്കിന് നേരിടുന്നതോ ഉണ്ടാകുന്നതോ ആയ ഏതെങ്കിലും പ്രവർത്തനങ്ങൾ, അറിയിപ്പുകൾ, ക്ലെയിമുകൾ, നടപടിക്രമങ്ങൾ, തകരാറുകൾ, ബാധ്യതകൾ, നഷ്ടങ്ങൾ, ചെലവുകൾ, വ്യയങ്ങൾ, അല്ലെങ്കിൽ നികുതികൾ എന്നിവ ഉൾപ്പെടെ ഏത് സമയത്തും അതിന്റെ ഉറപ്പുകൾ അല്ലെങ്കിൽ വാറന്റികൾ ശരിയാകാതെ വരുന്നതിന്റെയും എല്ലാ അനന്തരഫലങ്ങളിൽ നിന്നും ബാങ്കിനെയും അതിന്റെ ഓഫീസർമാർ/ജീവനക്കാരെയും പൂർണ്ണമായും ബാധ്യതാമുക്തം ആക്കാനും ദോഷരഹിതമായി നിലനിർത്താനും ഉപയോക്താവ് ഏൽക്കുന്നു.

**14. സേവനങ്ങൾ പിൻവലിക്കൽ**

ഉപയോക്താവിൽ നിന്ന് അനുമതി ആവശ്യമില്ലാതെ, നോട്ടീസ് നൽകാതെ ഏത് സമയത്തും ഏതെങ്കിലും സേവനങ്ങളുടെ ഉപയോഗം പിൻവലിക്കാൻ/നിർത്താൻ/സസ്പെൻഡ് ചെയ്യാൻ/അനുമതി നിഷേധിക്കാൻ ബാങ്കിന് അവകാശമുണ്ട്.

**15. നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ബാധ്യസ്ഥത**

സേവനം, വൺ വേ കമ്മ്യൂണിക്കേഷൻ /അല്ലെങ്കിൽ ടു വേ കമ്മ്യൂണിക്കേഷൻ, WhatsApp ൽ ബാങ്ക് രജിസ്റ്റേർഡ് നമ്പറിലേക്ക് ഏതെങ്കിലും ആശയവിനിമയം/മെസ്സേജ് അയയ്ക്കൽ, ഇവിടെ നൽകിയിരിക്കുന്ന രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാക്കൽ, ഈ നിബന്ധനകളും വ്യവസ്ഥകളും /അല്ലെങ്കിൽ സ്വകാര്യതാ നയം സ്വീകരിക്കൽ, ഉപയോക്താവ് ഈ നിബന്ധനകളും വ്യവസ്ഥകളും വായിക്കുകയും മനസ്സിലാക്കുകയും നിരുപാധികമായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് കണക്കാക്കും, അത്തരം നിബന്ധനകളും വ്യവസ്ഥകളും ഉപയോക്താവ് രേഖാമൂലം സമ്മതിക്കുകയാണെങ്കിൽ അതേ രീതിയിൽ ഉപയോക്താവിന്

ബാധ്യസ്ഥമായിരിക്കും എന്ന് ഉപയോക്താവ് സമ്മതിക്കുന്നു.

**16. ഉടമസ്ഥത അവകാശങ്ങൾ**

സേവനങ്ങൾ നൽകുന്നതിന് ആവശ്യമായ സോഫ്റ്റ്‌വെയർ/മറ്റ് ഇന്റർനെറ്റ് സംബന്ധമായ സോഫ്റ്റ്‌വെയർ അല്ലെങ്കിൽ പ്രോസസ്സിലുള്ള ബാങ്കിന്റെ ബൗദ്ധിക സ്വത്തവകാശങ്ങൾ ബാങ്ക്/ബന്ധപ്പെട്ട വെണ്ടർമാരുടെ നിയമപരമായ പ്രോപ്പർട്ടി ആണെന്ന് ഉപയോക്താവ് സമ്മതിക്കുന്നു. ഉപയോക്താവിന് സേവനങ്ങൾ പ്രയോജനപ്പെടുത്താൻ ബാങ്ക് നൽകിയ അനുമതി, മുകളിലുള്ള സോഫ്റ്റ്‌വെയറിലോ ബാങ്കിന്റെ ബൗദ്ധിക സ്വത്തവകാശത്തിലോ ഉപയോക്താവിന് അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിക്ക് ഏതെങ്കിലും അവകാശങ്ങൾ, ടൈറ്റിൽ അല്ലെങ്കിൽ താൽപ്പര്യം സൃഷ്ടിക്കുകയോ നൽകുകയോ ചെയ്യില്ല. അത്തരം സോഫ്റ്റ്‌വെയർ മോഡിഫൈ ചെയ്യാനോ, വിവർത്തനം ചെയ്യാനോ, അഴിക്കാനോ, ഡീകംപൈൽ ചെയ്യാനോ അല്ലെങ്കിൽ റിവേഴ്സ് എഞ്ചിനീയർ ചെയ്യാനോ അല്ലെങ്കിൽ സോഫ്റ്റ്‌വെയറിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉപോൽപ്പന്നം സൃഷ്ടിക്കാനോ താൻ ശ്രമിക്കില്ലെന്ന് ഉപയോക്താവ് സമ്മതിക്കുന്നു.

**17. സേവനങ്ങളുടെ ഡി-രജിസ്ട്രേഷൻ -**

ബാങ്ക് അതാത് കാലത്ത് നിശ്ചയിക്കുന്ന പ്രക്രിയ പിന്തുടർന്ന് ഏത് സമയത്തും സേവനങ്ങളുടെ ഡി-രജിസ്ട്രേഷൻ/അൺ-സബ്സ്ക്രിപ്ഷൻ ഉപയോക്താവിന് അഭ്യർത്ഥിക്കാം. എന്നാൽ, ഇത് പ്രാബല്യത്തിൽ വരാൻ, ബാങ്ക് ആവശ്യമായ സമയം എടുത്തേക്കാം. സേവനങ്ങൾ റദ്ദാക്കുന്നത് ബാങ്ക് പ്രാബല്യത്തിൽ വരുത്തുന്നതിന് മുമ്പ് സേവനങ്ങൾ ഉപയോഗിച്ച് ബാങ്കിലേക്ക് അയച്ച അഭ്യർത്ഥനകൾക്ക്/മെസ്സേജുകൾക്ക് താൻ ഉത്തരവാദിയായിരിക്കുമെന്ന് ഉപയോക്താവ് സമ്മതിക്കുന്നു. കാരണം നൽകാതെ ഏത് സമയത്തും ഉപയോക്താവിന്റെ സേവനങ്ങളുടെ ഉപയോഗം നിർത്താൻ/സസ്പെൻഡ് ചെയ്യാൻ/അവസാനിപ്പിക്കാൻ ബാങ്കിന് സ്വാതന്ത്ര്യമുണ്ട്. ഈ നിബന്ധനകളും വ്യവസ്ഥകളും ലംഘിച്ചാൽ മുൻകൂർ അറിയിപ്പ് ഇല്ലാതെ സേവനങ്ങൾ/സൗകര്യങ്ങൾ ബാങ്ക് നിർത്തുകയോ സസ്പെൻഡ് ചെയ്യുകയോ അവസാനിപ്പിക്കുകയോ ചെയ്യാം.

**18. നോട്ടീസുകൾ -**

ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കീഴിൽ ബാങ്കിനും ഉപയോക്താവിനും നോട്ടീസ് നൽകാം:

a) ഇലക്ട്രോണിക് രൂപത്തിൽ ഇമെയിൽ ഐഡിയിലേക്ക്, ബാങ്കിൽ രജിസ്റ്റർ ചെയ്ത യൂസറിന്റെ മൊബൈൽ നമ്പർ /അല്ലെങ്കിൽ WhatsApp വഴി. അത്തരം നോട്ടീസുകൾ രേഖാമൂലമുള്ളതായി കണക്കാക്കും.

b) നേരിട്ട് രേഖാമൂലം കൈമാറി അല്ലെങ്കിൽ ഉപയോക്താവ് ഒടുവിൽ നൽകിയ വിലാസത്തിൽ തപാലിൽ അയച്ചുകൊണ്ട്.

c) താഴെപ്പറയുന്ന വിലാസത്തിൽ ബാങ്കിന് നോട്ടീസുകൾ നൽകുകയാണെങ്കിൽ: ആക്സിസ് ബാങ്ക് ലിമിറ്റഡ്, ആക്സിസ് ഹൗസ്, C-2, വാഡിയ ഇന്റർനാഷണൽ സെന്റർ, പാണ്ഡുരംഗ് ബുധ്കർ മാർഗ്ഗ്, വർലി, മുംബൈ 400 025

മാത്രമല്ല, വെബ്സൈറ്റിലും/അല്ലെങ്കിൽ അതിന്റെ നെറ്റ് ബാങ്കിംഗ് പേജിലും സേവനങ്ങൾ ഉപയോഗിക്കുന്ന എല്ലാ ഉപയോക്താക്കൾക്കും ബാധകമായ പൊതുവായ അറിയിപ്പുകളും ബാങ്ക് പ്രസിദ്ധീകരിക്കാം. അത്തരം അറിയിപ്പുകൾ ഉപയോക്താവിന് നേരിട്ട് നൽകിയ നോട്ടീസിന്റെ അതേ പ്രാബല്യമാണ്.

**19. നിയന്ത്രണ നിയമവും തർക്ക പരിഹാരവും**

WhatsApp വഴി നൽകുന്ന ഈ നിബന്ധനകളും വ്യവസ്ഥകളും /അല്ലെങ്കിൽ സേവനങ്ങളുടെ ഉപയോഗവും റിപ്പബ്ലിക് ഓഫ് ഇന്ത്യയുടെ നിയമങ്ങളാലാണ് നിയന്ത്രിക്കപ്പെടുക, മറ്റൊരു രാജ്യത്തിന്റെയുമല്ല. ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കീഴിൽ ഉണ്ടാകുന്ന ഏതെങ്കിലും ക്ലെയിമുകൾ അല്ലെങ്കിൽ കാര്യങ്ങൾ ഇന്ത്യയിൽ മുംബൈയിലെ കോടതികളുടെ പ്രത്യേക അധികാരപരിധിയിൽ സമർപ്പിക്കാൻ ഉപയോക്താവ് സമ്മതിക്കുന്നു.
റിപ്പബ്ലിക് ഓഫ് ഇന്ത്യ ഒഴികെയുള്ള മറ്റേതെങ്കിലും രാജ്യത്തിന്റെ നിയമങ്ങൾ പാലിക്കാത്തതിന് ബാങ്കുകൾ നേരിട്ടോ അല്ലാതെയോ യാതൊരു ബാധ്യതയും സ്വീകരിക്കുകയില്ല. ഇന്ത്യ ഒഴികെയുള്ള ഒരു രാജ്യത്തെ ഉപഭോക്താവ് ഇന്റർനെറ്റ് വഴി സേവനം ആക്സസ് ചെയ്യാൻ കഴിയുമെന്ന വസ്തുത, പ്രസ്തുത രാജ്യത്തെ നിയമങ്ങൾ ഈ നിബന്ധനകളും വ്യവസ്ഥകളും /അല്ലെങ്കിൽ സേവനങ്ങളുടെ ഉപയോഗവും നിയന്ത്രിക്കുന്നുവെന്ന് വ്യാഖ്യാനിക്കില്ല.

**20. ജനറൽ**

ഈ എഗ്രിമെന്റിലെ ക്ലോസ് ഹെഡിംഗുകൾ സൗകര്യത്തിന് മാത്രമാണ്, ബന്ധപ്പെട്ട ക്ലോസിന്റെ അർത്ഥത്തെ ബാധിക്കില്ല. ഈ എഗ്രിമെന്റ് മറ്റേതെങ്കിലും വ്യക്തിക്ക് അസൈൻ ചെയ്യാൻ ഉപയോക്താവിന് അവകാശമില്ല. ഏതെങ്കിലും സേവനങ്ങൾ നടത്താൻ അല്ലെങ്കിൽ ഏതെങ്കിലും സാന്ദർഭിക ആവശ്യങ്ങൾക്കായി ബാങ്ക് സബ്കോൺട്രാക്ട് ചെയ്ത് ഏജന്റുമാരെ നിയമിക്കാം. ഉപയോക്താവിന് അറിയിപ്പ് നൽകാതെ, അനുമതി വാങ്ങാതെ ബാങ്ക് അതിന്റെ അവകാശങ്ങൾ /അല്ലെങ്കിൽ ബാധ്യതകൾ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗം ഏതെങ്കിലും വ്യക്തികൾക്ക് അതിന്റെ വിവേചനാധികാരത്തിൽ അസൈൻ അഥവാ ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

**21. അംഗീകാരം, ഒപ്പിടൽ**

ബാങ്ക് രജിസ്റ്റർ ചെയ്ത നമ്പറിലേക്ക് WhatsApp ൽ ഒരു സന്ദേശം അയച്ചുകൊണ്ട്/ ഏതെങ്കിലും ആശയവിനിമയം അയച്ചുകൊണ്ട്**, ഇതിലെ എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഉപയോക്താവ് ഓൺലൈനായി വായിച്ചു**, **പരിശോധിച്ചു**, **മനസ്സിലാക്കി**, **തിരിച്ചെടുക്കാനാവാത്തവിധം സമ്മതിച്ചു**, **അംഗീകരിച്ചു**, **കൈമാറി എന്ന് ഉപയോക്താവ് ഇതിനാൽ വ്യക്തമായി അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു**. മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ ഈ നിബന്ധനകളും വ്യവസ്ഥകളും അംഗീകരിക്കുകയും ഒപ്പിടുകയും ചെയ്യുന്ന സമയത്ത്, ഈ നിബന്ധനകളിലും വ്യവസ്ഥകളിലും നൽകിയിരിക്കുന്ന സേവനങ്ങൾ ഉപയോഗിക്കാനുള്ള യോഗ്യത

ഉപയോക്താവ് നിറവേറ്റുന്നുണ്ടെന്നും ഉപയോക്താവ് (i) ഒരു വ്യക്തിയാണെന്നും; (ii) പ്രായപൂർത്തിയായ ആളാണെന്നും; (iii) നല്ല മനസ്സുള്ളവനും, കരാറിൽ ഏർപ്പെടാൻ പ്രാപ്തനുമാണെന്നും; (iv) ഇന്ത്യയിലെ താമസക്കാരനാണെന്നും; (v) സേവനങ്ങൾ ഉപയോഗിക്കുമ്പോൾ ഇന്ത്യയുടെ പ്രദേശത്ത് ഉണ്ടെന്നും ഉപയോക്താവ് ഇതിനാൽ വ്യക്തമായി അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു. ഈ ഡോക്യുമെന്റിന്റെയും ഉപയോക്താവിന്റെ അതിലെ ഒപ്പിടലിന്റെയും ഇലക്ട്രോണിക് രേഖയുടെ പേപ്പർ കോപ്പികൾ എടുത്ത് ബാങ്ക് അതിന്റെ വിവേചനാധികാരത്തിൽ ഏതെങ്കിലും രൂപത്തിൽ ഹാജരാക്കാവുന്നതാണ്, അത് ഉപയോക്താവിന് പൂർണമായും ബാധ്യസ്ഥമാണ്, ഏതെങ്കിലും കോടതി, ട്രൈബ്യൂണൽ എന്നിവിടങ്ങളിൽ, കരാറിന്റെ അംഗീകാരം, നിർവഹണം അതുപോലെ ഉള്ളടക്കം തെളിയിക്കാൻ തെളിവായോ അല്ലാതെയോ ഹാജരക്കുന്ന അത്തരം പ്രിന്റൗട്ടിൽ, അല്ലെങ്കിൽ മറ്റേതെങ്കിലും ഫോമിൽ (ബാങ്കിന്റെ വിവേചനത്തിൽ) ഉപയോക്താവിന് യാതൊരു എതിർപ്പും ഉണ്ടായിരിക്കില്ല.

**22. ചാർജ്ജുകൾ**

ബാധകമായ ചാർജുകളുടെ വിശദാംശങ്ങൾ, ചാർജുകളുടെ ഷെഡ്യൂളിൽ വ്യക്തമായി വെളിപ്പെടുത്തും:

ചാർജ്ജുകളും ഫീസുകളും - എല്ലാ ലോൺ & അക്കൗണ്ട് സേവനങ്ങളും | ആക്സിസ് ബാങ്ക്